# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 352 — 31-01-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവേ ലൈൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. എ. കെ. ശശീന്ദ്രൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവേ ലൈൻ നീട്ടുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തേക്കുള്ള റെയിൽ നിർമ്മാണം ഭാരത സർക്കാരിന്റെ റെയിൽ ബഡ്ജറ്റിൽ ' ലാസ്റ്റ്മൈൽ കണക്ടിവിറ്റി' യായി ചേർത്തിട്ടുണ്ട്. തുറമുഖത്തേയ്ക്ക് റെയിൽവേ ലൈൻ നീട്ടുന്നതിനുവേണ്ടിയുള്ള കരട് പ്രോജക്ട് റിപ്പോർട്ട് Rail Vikas Nigam Limited (RVNL) തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കുള്ള പഠനത്തിൽ റെയിൽവേയും ഉൾപ്പെടുത്തിയാണ് പഠനം നടത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ റെയിൽ കണക്ടിവിറ്റിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള ചെലവ് എത്രയെന്ന് റെയിൽ വികാസ് നിഗം ലിമിറ്റഡ് നടത്തിയ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനായി 2011-ൽ Rail Vikas Nigam Limited, Vizhinjam International Seaport Limited ന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നെയ്യാറ്റിൻകരയിൽ നിന്നും ആരംഭിച്ച് ബാലരാമപുരം മുടവൂർപ്പാറ സിസിലിപുരം- വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം വഴി അന്താരാഷ്ട്ര തുറമുഖത്തിൽ എത്തിച്ചേരുന്ന രീതിയിലുള്ള റെയിൽവേ അലൈൻമെന്റ് നെയ്യാറ്റിൻകര ഭാഗത്ത് അമ്പലങ്ങളെ ബാധിക്കുമെന്നതിനാൽ പുതിയ സാധ്യതാ പഠനം 2012-ൽ നടത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം നേമം സ്റ്റേഷനിൽ നിന്നും ആരംഭിച്ച് മുടവൂർപ്പാറയിൽ എത്തി മുൻ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതി പ്രദേശത്ത് എത്തുന്ന രീതിയിലുള്ള അലൈൻമെന്റിന്റെ അടങ്കൽ തുക 349.49 കോടി രൂപയാണ് (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടാതെ). എന്നാൽ ടി രണ്ടു നിർദ്ദേശങ്ങളും നിർദ്ദിഷ്ട കഴക്കൂട്ടം- |
| (സി) | ഈ റിപ്പോർട്ട് റെയിൽ മന്ത്രാലയത്തിന് നൽകിയിട്ടുള്ളതായി അറിയാമോ; | | |

നെയ്യാറ്റിൻകര മോണോ റെയിൽ പദ്ധതിയെ ബാധിക്കാത്ത തരത്തിൽ മുടവൂർപ്പാറയിലെ സാഗ് പോയിന്റിലൂടെ കടന്നുപോകുന്ന തരത്തിൽ പാരിസ്ഥിതിക ആഘാതം ഏറ്റവും കുറഞ്ഞ രീതിയിൽ റെയിൽ അലൈൻമെന്റിന്റെ സാധ്യതാ പഠനം നടത്തുവാൻ Rail Vikas Nigam Limited നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ പണം സ്വരൂപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | (ഡി) Rail Vikas Nigam Limited -ന്റെ സാധ്യതാപഠന റിപ്പോർട്ടിന് റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**